പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 709 03.12.2014 - ൽ മറുപടിക്ക്

**ഗവൺമെന്റ് നേഴ്സുമാരുടെ പ്രൊമോഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബാബു. എം. പാലിശ്ശേരി** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഗവൺമെന്റ് നേഴ്സുമാരുടെ പ്രൊമോഷൻ ഉത്തരവുകൾ റദ്ദു ചെയ്യുന്നതിന് വേണ്ടി ചില ക്രമ നീക്കങ്ങൾ നടക്കുന്നതായി നേഴ്സുമാരുടെ സംഘടനകൾ ആരോപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | എ) | ചില പരാതികൾ ലഭിച്ചിട്ടുണ്ട്. ക്രമ നീക്കങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ബി) | നേഴ്സുമാരുടെ പ്രൊമോഷന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ എന്തായിരുന്നു ; ഏതെങ്കിലും ശമ്പള പരിഷ്കരണ ഉത്തരവിലൂടെ സർക്കാർ ഇത് അംഗീകരിച്ചിട്ടുണ്ടോ ; | ബി) | സർക്കാർ ഉദ്യോഗസ്ഥർക്ക് ബാധകമായ സർവീസ് റൂൾസ്, നഴ്സിംഗ് മേഖലയിലെ വിവിധ തസ്തികകളുടെ നിയമനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസ് എന്നിവയെ അടിസ്ഥാനമാക്കി, സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് അർഹതയുള്ളവർക്ക് പ്രൊമോഷൻ നൽകി വരുന്നത്. ശമ്പള പരിഷ്കരണ ഉത്തരവിലൂടെയാണ് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കാൻ ഉത്തരവായത്.<br>സ്റ്റാഫ് നഴ്സ് ഗ്രേഡ്- I & II (1:1)<br>സ്റ്റാഫ് നഴ്സ് ഗ്രേഡ്-I/ഹെഡ് നഴ്സ് - (2:1) |
| സി) | നിലവിൽ എത്ര വർഷത്തെ സീനിയോറിട്ടിയുള്ളവരെയാണ് പ്രൊമോഷന് പരിഗണിക്കുന്നത് ; വിശദമാക്കുമോ ; ഇതുവഴി സർക്കാരിന് എന്ത് അധിക ബാധ്യതയാണ് ഉണ്ടാകുന്നത് ; എങ്ങനെയെന്ന് വ്യക്തമാക്കുമോ ? | സി) | നിലവിലുള്ള തസ്തികകളിൽ അർഹതയുടെ അടിസ്ഥാനത്തിൽ ഒഴിവ് വരുന്ന മുറയ്ക്കാണ് പ്രൊമോഷൻ നൽകാറുള്ളത്. ക്ലിപ്തമായ സർവ്വീസ് കാലം പ്രൊമോഷന് നിർബന്ധമില്ല. ഉയർന്ന തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്കാണ് പ്രൊമോഷൻ നടത്തുന്നതെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാവുന്നില്ല. ഉയർന്ന തസ്തികയിൽ ഒരു ഉദ്യോഗസ്ഥൻ ഉദ്യോഗത്തിലിരുന്നതിനാലും ടി തസ്തികയ്ക്ക് |